നം. റ്റി.എം (2) 30369/20

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
തീയതി : 13.08.2020.

# സർക്കുലർ

**വിഷയം :** കാർഷിക വിപണി ശക്തിപ്പെടുത്തൽ 2020-21 വിലസ്ഥിരതയ്ക്കായുള്ള വിപണി ഇടപെടൽ പദ്ധതി - ഓണസമൃദ്ധി 2020 – തുടർമാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന :** 17.07.2020 തീയതിയിലെ റ്റി.എം(2) 30369/20 നമ്പർ സർക്കുലർ.

ഓണസമൃദ്ധി 2020 വിപണികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും, ആയത് വിജയകരമാക്കുന്നതിനുമായി സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയത് കൃത്യമായി പാലിക്കേണ്ടതാണ്. വിപണികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന തുടർമാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊള്ളുന്നു.

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് അധിക മൂല്യം ലഭിക്കുന്നതിന് ഓണക്കാലത്ത് വിലവർധന പിടിച്ചു നിർത്തി, ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് സുരക്ഷിത പച്ചക്കറികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, ഓണസമൃദ്ധി വിപണികളുടെ പങ്ക് വളരെ വലുതാണ്. ആയതിനാൽ ഓരോ ജില്ലയിലും നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള വിപണികൾ(എണ്ണം) നിർബന്ധമായും നടത്തേണ്ടതാണ്. എല്ലാ ജില്ലയിൽ നിന്നും വിപണികളുടെ എണ്ണം. ഓണവിപണിയ്ക്ക് ആവശ്യമായ പച്ചക്കറികളുടെ സംഭരണം, അളവ്, മറ്റു ജില്ലകളിൽ നിന്നും സംഭരിക്കാൻ ഉദ്ദേശിക്കുന്ന അളവ്, അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കാൻ ഉദ്ദേശിക്കുന്ന പച്ചക്കറികളുടെ അളവ് എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും. ഓണപിവണി നടത്തിപ്പിന്റെ കോഡീകരിച്ച വിവരങ്ങൾ നൽകേണ്ടതുമാണ്.

ഓണസമൃദ്ധി 2020-ന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവർകൾ 26.08.2020 ബുധനാഴ്ച വൈകന്നേരം 4.00 മണിയ്ക്ക് നിർവ്വഹിക്കുന്നതാണ്. ഇത് തത്സമയം online/facebook live വഴി എല്ലായിടത്തും പ്രദർശിപ്പിക്കേണ്ടതാണ്. അതോടൊപ്പം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന വിപണികൾ എല്ലാം തന്നെ 26.08.2020-ന് വൈകുന്നേരം മുഖ്യമന്ത്രിയുടെ ഉദ്ഘാടനത്തിനുശേഷം കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് നിർവ്വഹിക്കേണ്ടതാണ്. ജില്ലാ ബ്ലോക്ക്, പഞ്ചായത്തുതല ഉദ്ഘാടനങ്ങൾ അതത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി മാനദണ്ഡങ്ങൾക്കനുസൃതമായി സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല ഉദ്ഘാടനങ്ങളിൽ ലഭ്യമായ മന്ത്രിമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിയമ സാമാജികരെക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിക്കേണ്ടതാണ്. ഇതു സംബന്ധിച്ച തീരുമാനം ഇതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾക്ക് സ്വീകരിക്കാവുന്നതാണ്. കോവിഡ് 19 സാഹചര്യത്തിൽ പഞ്ചായത്തുതലത്തിൽ നിലവിലുള്ള സ്ഥിതിഗതികൾ കണക്കിലെടുത്ത് ചന്തകളുടെ സമയം ക്രമീകരിക്കേണ്ടതാണ്. എന്നാൽ എല്ലാ ഉപഭോക്താക്കൾക്കും പച്ചക്കറികൾ സുലഭമായി ലഭ്യമാക്കുന്നതിന് വേണ്ട സാഹചര്യം ഉറപ്പു വരുത്തേണ്ടതാണ്.

1. ചന്തകൾ സംഘടിപ്പിക്കുമ്പോൾ കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. ആഭ്യന്തര സംഭരണത്തിന് പ്രാധാന്യ നൽകി കർഷകരുടെ ഉത്പന്നങ്ങൾ പരമാവധി സംഭരിക്കണം. സംഭരിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.
3. ഓരോ ദിവസത്തേയും ഓണസമൃദ്ധി വില വിവരങ്ങൾ, ലഭ്യമായ ഇനങ്ങൾ, അളവ് എന്നിവ മാധ്യമങ്ങളിൽ നൽകണം. ലോക്കൽ ചാനലുകൾ വഴിയും ജനങ്ങളിലേയ്ക്ക് വിവരങ്ങൾ എത്തിക്കുവാൻ ശ്രദ്ധിക്കണം.
4. ഓണസമൃദ്ധി സ്റ്റാളുകൾ വളരെ ആകർഷകമായി പ്രവർത്തിപ്പിക്കേണ്ടതാണ്. ആയതിന് പഞ്ചായത്ത് സൊസൈറ്റികൾ, ബാങ്കുകൾ എന്നിവയുടെ സഹകരണം ഉറപ്പാക്കാവുന്നതാണ്.
5. പ്ലാസ്റ്റിക്ക് ഉപയോഗം തീർത്തും ഒഴിവാക്കണം. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണം. വാഴയില, വാഴനാര്, വട്ടയില എന്നിവ ഉപയോഗിക്കാൻ സാധിക്കുന്നയിടത്ത് ഉപയോഗപ്പെടുത്തണം.
6. ഓരോ വിപണിയിലും വട്ടവട/കാന്തല്ലൂർ പ്രദേശത്തെ പച്ചക്കറികൾ, മറ്റു സംസ്ഥാനങ്ങളിലെ പച്ചക്കറികൾ, എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി പ്രദർശിപ്പിക്കേണ്ടതാണ്. ഫാമുകൾ, പബ്ലിക്ക് സെക്ടർ അണ്ടർടേക്കിങ്ങ്, കുടുംബശ്രീ എന്നിവരുടെ ഉത്പന്നങ്ങൾ വിപണിവഴി ലഭ്യമാക്കേണ്ടതാണ്. ആവശ്യമുള്ള കാർഷികോത്പന്നങ്ങളുടെ പട്ടിക ഹോർട്ടീകോർപ്പിനും, വി.എഫ്.പി.സി.കെ യ്ക്കും ഉടൻ തന്നെ നൽകേണ്ടതാണ്. സംഭരണത്തിലും, വിതരണത്തിലും സാധനങ്ങളുടെ ദൗർലഭ്യം ഉൾപ്പടെയുള്ള അപാകതകൾ ജില്ലാതല സമിതി യഥാസമയം പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. തുറന്ന വിപണിയിലെ വില അറിയുന്നതിന് അഗ്മാർക്ക്നെറ്റ് ഡാറ്റാഓപ്പറേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ജില്ലാതലത്തിൽ ഹോർട്ടീകോർപ്പിന്റെ സംഭരണ കേന്ദ്രങ്ങൾ അധികം എണ്ണം തുറക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഹോർട്ടീകോർപ്പിന്റെ ജില്ലാ മാനേജർമാരുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തേണ്ടതാണ്.
7. ഒരു കൃഷി ഓഫീസർക്ക് ഒന്നിൽ കൂടുതൽ ചന്തകൾ നടത്തേണ്ട സാഹചര്യമുണ്ടായാൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥർക്ക് ചന്ത നടത്തിപ്പിന്റെ ഉത്തരവാദിത്വം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകാവുന്നതാണ്.

8)ചന്തകളിൽ കൂടുതൽ ജനത്തിരക്ക് ഒഴിവാക്കുന്നതിനായി 100രൂപ150 രൂപ കിറ്റുകൾ നേരത്തെ തയ്യാറാക്കി വിതരണം നടത്താവുന്നതാണ്.ഓരോ സ്ഥലത്തെയും സാഹചര്യമനുസരിച്ചു ഉചിതമായ തീരുമാനം പ്രിൻസിപ്പൽ കൃഷി ഓഫീസർ മാർക്ക് എടുക്കാവുന്നതാണ്.കൃഷിവകുപ്പ് ഉദ്യാഗസ്ഥർ നടത്തുന്ന വിപണിയുടെ ലൊക്കേഷൻ ബ്ലോക്ക് തലത്തിൽ നിർവ്വചിക്കേണ്ടതാണ് .കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു ഓണ വിപണികൾ സംഘടിപ്പിക്കുമ്പോൾ അത്യാവശ്യം വേണ്ട സാനിറ്റയ്സർ മറ്റു ഉപാധികൾ എന്നിവ ലഭ്യമാക്കേണ്ടതും ഇതിനാവശ്യമായ ചിലവുകൾ വിപണിയുടെ നടത്തിപ്പിനായി നൽകുന്ന തുകയിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്

## ൧. സംഭരണ വിതരണ റിപ്പോർട്ട്

| | | | | | | |
|---|---|---|---|---|---|---|
| 1 | ഹോർട്ടികോർപ്പിൽ നിന്ന് സംഭരിച്ചത് | കിലോ | തുക (Rs) | വിറ്റത് (kg) | തുക (Rs) | റിമാർക്സ് |
| 2 | കർഷകരിൽ നിന്ന് സംഭരിച്ചത് | കിലോ | തുക (Rs) | വിറ്റത് (kg) | തുക (Rs) | |

3. തിരിച്ചടക്കുന്ന തുക (Rs) :

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്കുവേണ്ടി

MADHU GEORGE MATHAI
Additional Director of Agriculture (Marketing & Vegetable Cell)
Agricultural Development &
Farmers Welfare Department,
Vikas Bhavan, Thiruvananthapuram - 33

**പകർപ്പ്**

1. എല്ലാ കൃഷി അഡിഷണൽ ഡയറക്ടർമാർക്കും
2. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ,ഫാം ഇൻഫർമേഷൻ ബ്യൂറോ
4. മാനേജിംഗ് ഡയറക്ടർ ,ഹോർട്ടികോർപ്പ്
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,വി.എഫ്.പി.സി.കെ
6. കൃഷി ഡയറക്ടറുടെ റ്റി.എയ്ക്ക്
7. വെജിറ്റബിൾ സെൽ/പ്ലാനിംഗ് സെക്ഷൻ
8. ഐ.റ്റി.സെൽ
9. സ്റ്റോക്ക് ഫയൽ